# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4036 | 16.05.2017-ൽ മറുപടി |
|---|---|

### സമ്പൂർണ്ണ ശുചിത്വയജ്ഞം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) | കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം സംസ്ഥാനത്തു നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | ഉണ്ട്. 1999 മുതൽ സമ്പൂർണ ശുചിത്വ യജ്ഞം പദ്ധതി നടപ്പിലാക്കുകയുണ്ടായി. വിവര വിജ്ഞാന വ്യാപനം, മാനവശേഷി വികസനം എന്നീ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി ഗ്രാമീണ ജനങ്ങളെ ബോധവത്കരിച്ച് ശുചിത്വ സൗകര്യം സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ധരിപ്പിക്കുകയും ഗാർഹിക, കമ്മ്യൂണിറ്റി, സ്ഥാപനതലങ്ങളിൽ ശുചിത്വ സൗകര്യങ്ങൾ സൃഷ്ടിക്കുകയുമായിരുന്നു പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. ആയത് പ്രകാരം പ്രവർത്തനങ്ങൾ ഗ്രാമ-ബ്ളോക്ക് പഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പിലാക്കി. |
| (ബി) | ഏങ്കിൽ പ്രസ്തുത പദ്ധതിക്ക് കേന്ദ്രത്തിൽ നിന്നും എത്ര തുക ധനസഹായമായി ലഭിച്ചു; എന്നാണ് ലഭിച്ചത്; | (ബി) | 10297.81 ലക്ഷം രൂപ കേന്ദ്ര ധനസഹായമായി ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ തുക ചിലവഴിച്ചത് ഏതെല്ലാം മേഖലയിലാണ് പൂർണ്ണവിശദാംശം ലഭ്യമാക്കുമോ? | (സി) | ബോധവത്കരണ പരിപാടികൾ, ശേഷീ വികസനം, സമൂഹത്തിലെ ദരിദ്ര കുടുംബങ്ങൾക്ക് ഗാർഹിക കക്കൂസുകൾ, സ്കൂളുകളിലും അങ്കണവാടികളിലും കക്കൂസുകൾ, സാമൂഹിക ശുചിത്വ സമുച്ചയങ്ങൾ, റൂറൽ സാനിട്ടറി മാർട്ട്/പ്രൊഡക്ഷൻ സെന്റർ, ഭരണ നിർവഹണം എന്നീ ഘടകങ്ങൾക്കാണ് പണം ചെലവഴിച്ചത്. |

സെക്ഷൻ ഓഫീസർ